## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1545** **12.06.2019 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഹണിപാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ .ജി.എസ്.ജയലാൽ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. എൽദോ എബ്രഹാം** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകം തേനീച്ച വളർത്തൽ പ്രവർത്തനങ്ങൾക്ക് സംസ്ഥാന നിയുക്ത ഏജൻസിയായ ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.തേനീച്ച പെട്ടികളുടെയും കോളനികളുടെയും ഉപകരണങ്ങളുടെയും വിതരണം പ്രസ്തുത ഘടകം വഴി നടപ്പിലാക്കുന്നു. |
| ബി) സംസ്ഥാനത്ത് ഹണിപാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത് തേനീച്ച കൃഷിയെയും തേൻ നിർമ്മാണത്തെയും ഏതൊക്കെ തരത്തിൽ സഹായിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് മാവേലിക്കരയിൽ ഹോർട്ടികോർപ്പിന്റെ പരിശീലന കേന്ദ്രത്തിൽ ഹണിപാർക്ക് സ്ഥാപിച്ചിട്ടുണ്ട്.ഹണി പാർക്കിൽ വിവിധ ഇനത്തിലുള്ള തേനീച്ചകളുടെ കോളനികൾ നേരിട്ട് കാണുവാനുള്ള അവസരം സജ്ജമാക്കിയിട്ടുണ്ട്. തേനുൽപ്പാദനവും ആയി ബന്ധപ്പെട്ട് വളർത്തേണ്ട സസ്യലതാദികളും ഇവിടെ പരിപാലിച്ചു പോരുന്നു. ഇത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്നു.<br>കൂടാതെ തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ പുതിയതായി ഒരു ഹണിപാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ പൂർത്തിയാക്കും. |
| സി) തേനീച്ച കൃഷിയിൽ കർഷകർക്ക് പരിശീലനം നല്കുന്നതിനായുള്ള സൗകര്യം ഹണിപാർക്കിൽ ലഭ്യമാണോ;വിശദമാക്കുമോ; | സി) ലഭ്യമാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 40 തേനീച്ച വളർത്തൽ പരിശീലന പരിപാടികളും 20 തുടർ പരിശീലനങ്ങളും നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഹണിപാർക്കിലെ തേൻ സംഭരണ-സംസ്കരണ യൂണിറ്റിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | ഡി) | ഹണിപാർക്കിൽ തേൻ സംഭരണത്തിനും സംസ്കരണത്തിനും ഉള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതി വർഷം 25-30 ടൺ തേൻ സംഭരിച്ച് സംസ്കരണം നടത്തുന്നതിന് ഈ പ്ലാന്റിന് ശേഷിയുണ്ട്. നിലവിൽ സംസ്കരിച്ച തേൻ അഗ് മാർക്ക് പരിശോധനയ്ക്ക് ശേഷമാണ് വിപണനം നടത്തുന്നത്. അഗ് മാർക്ക് പരിശോധന ഹണി പാർക്കിൽ തന്നെ നടത്തുന്നതിനായുള്ള ലാബ് ഒരുക്കുന്നതിനുള്ള സ്ഥലസൗകര്യം ഹണിപാർക്കിൽ ഒരുക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**